B2/90/2025-CLAD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - പുരാരേഖാ വകുപ്പ് - വാർഷിക പദ്ധതി 2025-2026 പദ്ധതികൾക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.288/2025/CLAD തീയതി,തിരുവനന്തപുരം, 20-05-2025

---

പരാമർശം:- 1. പുരാരേഖാ വകുപ്പ് ഡയറക്ടറുടെ 02.04.2025 തീയതിയിലെ പി&ഡി-234/2025/എസ്.എ നമ്പർ കത്ത്.

2. 22.04.2025 ലെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.

**ഉത്തരവ്**

പരാമർശം (1) പ്രകാരം 2025-2026 സാമ്പത്തികവർഷത്തെ പദ്ധതി നിർവ്വഹണത്തിനായി 8,69,32,085/- (എട്ട് കോടി അറുപത്തിയൊൻപത് ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി എൺപത്തിയഞ്ച് രൂപ മാത്രം) രൂപയുടെ 44 പ്രൊപ്പോസലുകൾ പുരാരേഖാ വകുപ്പ് ഡയറക്ടർ ഭരണാനുമതിക്കായി സമർപ്പിച്ചിരുന്നു.

2. 22.04.2025 ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം പുരാരേഖ വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലുകൾ വിശദമായി പരിശോധിക്കുകയും ആയത് അംഗീകരിക്കുകയും ചെയ്തു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പുരാരേഖാ വകുപ്പിന്റെ ചുവടെപ്പറയും പ്രകാരമുള്ള 44 പദ്ധതികൾ ആകെ 8,69,32,085/- (എട്ട് കോടി അറുപത്തിയൊൻപത് ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി എൺപത്തിയഞ്ച് രൂപ മാത്രം) ചെലവഴിച്ച് നിർവ്വഹിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

| Sl. No. | Name of Work | Head of Account | Amount in Lakhs | Implementing Agency |
|---|---|---|---|---|
| 1 | വൈക്കം സത്യാഗ്രഹ സ്മാരക ഗാന്ധി മ്യൂസിയത്തിലെ ഇലക്ട്രോണിക് ഉപകരണങ്ങൾ, ഇന്ററാക്ടീവ് | 2205-104-99-34-3(P) | 8,84,316/- | State Archives Department through Keralam Museum |

| | | | | |
|---|---|---|---|---|
| | സെക്ഷനുകൾ, ക്യാമറ, എ.സി., സി.സി.ടി.വി., ഫയർ അലാറം എന്നിവയുടെ കേടുപാടുകൾ പരിഹരിക്കൽ സംബന്ധിച്ച പ്രൊപ്പോസൽ | | | |
| 2 | ആർക്കൈവ്സ് ഡയറക്ടറേറ്റ്-റഫറൻസ് ലൈബ്രറി-കോഹ സോഫ്റ്റ്വെയർ നിർമ്മാണം | 2205-104-99-34-3(P) | 6,30,000/- | State Archives Department through Kerala Library Association |
| 3 | വട്ടിയൂർക്കാവ് സ്വാതന്ത്ര്യ സമര സ്മാരകം നവീകരണം | 2205-104-99-34-3(P) | 16,00,000/- | State Archives Department through Cost ford |
| 4 | വൈക്കം സത്യാഗ്രഹ ഗാന്ധി മ്യൂസിയത്തേയും താളിയോല രേഖാമ്യൂസിയത്തേയും സംബന്ധിച്ച വെബ് പോർട്ടലും ഓൺലൈൻ ടിക്കറ്റ് സംവിധാനവും ഏർപ്പെടുത്തുന്നത് സംബന്ധിച്ച് | 2205-104-99-34-3(P) | 17,87,507/- | State Archives Department through C-DIT |
| 5 | കണ്ണൂരിൽ പൈതൃകോത്സവം സംഘടിപ്പിക്കുന്ന പദ്ധതി | 2205-104-99-34-3(P) | 10,00,000/- | State Archives Department |
| 6 | വകുപ്പിന്റെ ഡോക്യുമെന്ററി തയ്യാറാക്കുന്നത് സംബന്ധിച്ച് | 2205-104-99-34-3(P) | 6,89,887/- | State Archives Department through Kite Victors Education Channel |
| 7 | പുരാരേഖാവകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാർക്ക് വേണ്ടിയുള്ള ഐ.ടി. പരിശീലന പരിപാടി | 2205-104-99-34-3(P) | 9,44,000/- | State Archives Department through Digital University of Kerala |
| 8 | ആർക്കൈവ്സ് ഡയറക്ടറേറ്റ് കെട്ടിടത്തിന്റ | 2205-104-99-34-3(P) | 7,13,900/- | College of Engineering , Trivandrum Centre fo |

| | | | | |
|---|---|---|---|---|
| | ൈ സ്റ്റെബിലിറ്റി പരിശോധിക്കുന്നത് സംബന്ധിച്ച് | | | r Industrial Training, Consultancy and Sponsered Research |
| 9 | മൈക്രോഫിലിം റീഡർ വാങ്ങുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച് | 2205-104-99-34-3(P) | 15,00,000/- | State Archives Department |
| 10 | ചരിത്രരേഖകളുടെ പ്രദർശന യൂണിറ്റ് സജ്ജീകരണം - ചരിത്രരേഖകളുടെ ശേഖരണം-മൊബൈൽ കൺസർവേഷൻ യൂണിറ്റ്- ടെമ്പോ ട്രാവലർ വാങ്ങുന്നത് | 2205-104-99-34-3(P) | 25,00,000/- | State Archives Department |
| 11 | ആർക്കൈവ്സ് ഡയറക്ടറേറ്റിലെ ടോയിലെറ്റ് സംവിധാനത്തിന്റെ നവീകരണവും ഭിന്നശേഷി സൗഹൃദമായ ടോയിലെറ്റുകളുടെ നിർമ്മാണവും അനുബന്ധ പ്രവർത്തനങ്ങളും | 2205-104-99-34-3(P) | 16,23,021/- | Kerala State Nirmithi Kendra |
| 12 | കട്ടിംഗ് മെഷീൻ വാങ്ങുന്നത് സംബന്ധിച്ച് | 2205-104-99-34-3(P) | 5,50,000/- | State Archives Department |
| 13 | ഇടുക്കി ഹെരിറ്റേജ് സെന്ററിൽ അഗ്നിസുരക്ഷാ സംവിധാനം ഒരുക്കുന്നത് | 2205-104-99-34-3(P) | 25,00,000/- | State Archives Department |
| 14 | മാപ്പ് സൂക്ഷിക്കുന്നതിനുള്ള സ്റ്റാൻഡ് | 2205-104-99-34-3(P) | 6,55,679/- | SIDCO |
| 15 | ഇടുക്കി ഹെരിറ്റേജ് സെന്റർ-കെട്ടിടത്തിന്റെ അടിസ്ഥാന സൗകര്യ വികസനം | 2205-104-99-34-3(P) | 25,00,000/- | Nirmithy Kendra |
| 16 | ആർക്കൈവ്സ് ഡയ | 2205-104-99-34- | 25,00,000/- | State Archives Depart |

| | | | | |
|---|---|---|---|---|
| | റക്ടറേറ്റിൽ പുതിയ ലിഫ്റ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് | 3(P) | | ment |
| 17 | വൈക്കം സത്യാഗ്രഹ സ്മാരക ഗാന്ധി മ്യൂസിയത്തിൽ ജെനറേറ്റർ സ്ഥാപിക്കുന്നത് സംബന്ധിച്ച് | 2205-104-99-34-3(P) | 12,11,000/- | PWD |
| 18 | രേഖകളുടെ സംരക്ഷണം-തേക്കിൻ പലകകൾ വാങ്ങുന്നത് സംബന്ധിച്ച് | 2205-104-99-34-3(P) | 15,00,000/- | State Archives Department through Forest Industries Travancore Limited |
| 19 | രേഖകളുടെ ശാസ്ത്രീയ സംരക്ഷണം-രാസവസ്തുക്കളും മറ്റു അനുബന്ധ കൺസർവേഷൻ സാധനങ്ങൾ എന്നിവ ലഭ്യമാക്കുന്നത് | 2205-104-99-34-3(P) | 21,79,408/- | State Archives Department |
| 20 | തമിഴ്നാടുമായി കൂട്ടിച്ചേർത്ത താലൂക്കുകളുടെ സെറ്റിൽമെന്റ് രജിസ്റ്ററുകളുടെ ശാസ്ത്രീയ സംരക്ഷണം | 2205-104-99-34-3(P) | 24,79,398/- | State Archives Department (through Keralam Museum) |
| 21 | ആർക്കൈവ്സ് ഡയറക്ടറേറ്റിലെ ചരിത്രരേഖകളുടെ ശാസ്ത്രീയ സംരക്ഷണ പദ്ധതി | 2205-104-99-34-3(P) | 25,66,128/- | State Archives Department through Keralam Museum |
| 22 | കോഴിക്കോട് റീജിയണൽ ആർക്കൈവ്സിലെ റിക്കാർഡുകളുടെ കൺസർവേഷൻ പദ്ധതി | 2205-104-99-34-3(P) | 25,73,208/- | State Archives Department (through Keralam Museum) |
| 23 | കോഴിക്കോട് റീജിയണൽ ആർക്കൈവ്സ്-കുന്നമംഗലം സബ് സെന്റർ ചരിത്രര | 2205-104-99-34-3(P) | 25,66,128/- | State Archives Department (through Keralam Museum) |

| | | | | |
|---|---|---|---|---|
| | േഖകളുടെ ശാസ്ത്രീയ സംരക്ഷണ പദ്ധതി | | | |
| 24 | മന്ത്രിസഭായോഗ തീരുമാനരേഖകളുടെ ഡിജിറ്റൈസേഷൻ | 2205-104-99-34-3(P) | 4,91,151/- | State Archives Department (through C-dit) |
| 25 | താളിയോലരേഖാമ്യൂസിയത്തിന്റെയും വൈക്കം സത്യാഗ്രഹ സ്മാരക ഗാന്ധി മ്യൂസിയത്തിന്റെയും പ്രവർത്തനത്തിന് മ്യൂസിയം ഗൈഡ് ട്രെയിനിമാരെ നിയോഗിച്ച് പ്രോജക്ട് നടപ്പിലാക്കുന്നത് | 2205-104-99-34-3(P) | 19,03,280/- | State Archives Department |
| 26 | രേഖകളുടെ പ്രസിദ്ധീകരണം | 2205-104-99-34-3(P) | 10,00,000/- | State Archives Department |
| 27 | ചരിത്രക്വിസ് | 2205-104-99-34-3(P) | 9,00,000/- | State Archives Department |
| 28 | ആർക്കൈവ്സ് ഡയറക്ടറേറ്റിലെ റിക്കാർഡുകളുടെ റഫറൻസ് മീഡിയ തയ്യാറാക്കൽ | 2205-104-99-34-3(P) | 58,70,317/- | State Archives Department through Keralam Museum |
| 29 | സെൻട്രൽ ആർക്കൈവ്സിലെ രേഖകളുടെ റഫറൻസ് മീഡിയ തയ്യാറാക്കൽ | 2205-104-99-34-3(P) | 67,25,302/- | State Archives Department through Keralam Museum |
| 30 | എറണാകുളം റീജിയണൽ ആർക്കൈവ്സിലെ റിക്കാർഡുകളുടെ റഫറൻസ് മീഡിയ തയ്യാറാക്കൽ | 2205-104-99-34-3(P) | 19,29,046/- | State Archives Department through Keralam Museum |
| 31 | കാർട്ടോഗ്രാഫിക് രേഖകളുടെ സംരക്ഷണം | 2205-104-99-34-3(P) | 24,30,805/- | State Archives Department through Keralam Museum |
| 32 | കോഴിക്കോട് റീജിയ | 2205-104-99-34- | 16,44,552/- | State Archives Depart |

| | | | | |
|---|---|---|---|---|
| | ണൽ ആർക്കൈവ്സിലെ റിക്കാർഡുകളുടെ റഫറൻസ് മീഡിയ തയ്യാറാക്കൽ | 3(P) | | ment through Keralam Museum |
| 33 | എറണാകുളം റീജിയണൽ ആർക്കൈവ്സിലെ ചരിത്രരേഖകളുടെ കൺസർവേഷൻ പദ്ധതി | 2205-104-99-34-3(P) | 36,56,776/- | State Archives Department (through Keralam Museum) |
| 34 | കെ-ഫോൺ കണക്ഷൻ വകുപ്പിൽ ലഭ്യമാക്കുന്നത് സംബന്ധിച്ച് | 2205-104-99-34-3(P) | 17,94,638/- | State Archives Department through Kerala Fibre Optic Network Limited |
| 35 | ഇ-ഫയൽ മാനേജ്മെന്റ് സംവിധാനം വകുപ്പിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച് | 2205-104-99-34-3(P) | 36,42,586/- | State Archives Department |
| 36 | വകുപ്പിന്റെ മ്യൂസിയങ്ങളെ സംബന്ധിച്ച ഡോക്യുമെന്ററി തയ്യാറാക്കൽ | 2205-104-99-34-3(P) | 7,43,400/- | State Archives Directorate through Victors |
| 37 | പ്രൊജക്ട് മാനേജ്മെന്റ് സിസ്റ്റം സോഫ്റ്റ്വെയർ നിർമ്മാണം (സിഡിറ്റ് മുഖേന) | 2205-104-99-34-3(P) | 1,47,500/- | State Archives Department through C dit |
| 38 | മലബാർ കലാപവുമായി ബന്ധപ്പെട്ട രേഖകളുടെ പ്രസിദ്ധീകരണം | 2205-104-99-34-3(P) | 8,82,558/- | State Archives Department |
| 39 | ആർക്കൈവ്സ് ഡയറക്ടറേറ്റിലെ പേപ്പർ റിക്കാർഡുകളുടെ ഡിജിറ്റൈസേഷൻ | 2205-104-99-34-3(P) | 12,39,927/- | State Archives Department |
| 40 | തൃക്കരിപ്പൂർ ശ്രീ ചക്രപാണി ക്ഷേത്രത്തിൽ സൂക്ഷിച്ചിട്ടുള്ള ചരിത്രരേഖകൾ സംസ്ഥാന ആർക്കൈവ്സ് | 2205-00-104-93(P) | 3,00,000/- | State Archives Department |

| | | | | |
|---|---|---|---|---|
| | വകുപ്പിന്റെ കമ്മ്യൂണിറ്റി ആർക്കൈവ്സ് പദ്ധതിയിൽ ഉൾപ്പെടുത്തി ശാസ്ത്രീയ സംരക്ഷണം നിർവ്വഹിക്കുന്നത് സംബന്ധിച്ച് | | | |
| 41 | കൺസർവേഷൻ ലാബ് സജ്ജീകരണം സംബന്ധിച്ച് | 2205-104-99-34-3(P) | 10,45,499/- | State Archives Department<br><br>(Through SIDCO) |
| 42 | താളിയോലരേഖാ ട്രാൻസ്ലിറ്ററേഷൻ സോഫ്റ്റ്വെയർ | 2205-104-99-34-3(P) | 2,94,528/- | State Archives Department through Digital University of Kerala |
| 43 | എറണാകുളം ഓഫീസിലെ റിസർച്ച് ഹാളിന്റെ നവീകരണം | 2205-104-99-34-3(P) | 2,50,000/- | State Archives Department |
| 44 | താളിയോലരേഖകൾ ശാസ്ത്രീയ സംരക്ഷണം നടത്തി ഇന്റർനാഷണൽ ആർക്കൈവ്സ് ആന്റ് ഹെറിറ്റേജ് സെന്ററിലേയ്ക്ക് മാറ്റുന്ന പദ്ധതി | 2205-00-104-91(P) | 1,23,86,640/- | State Archives Department |
| | **ആകെ** | | **8,69,32,085/-** | |

4. മേൽപ്പറഞ്ഞ പദ്ധതി പ്രവർത്തനങ്ങൾക്കുള്ള ഭരണാനുമതി താഴെപ്പറയുന്ന പൊതു നിബന്ധനകൾക്ക് വിധേയമായിരിക്കും.

i. ക്രമ നമ്പർ 10 ആയിട്ടുള്ള പദ്ധതിയിൽ വാഹനങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട് ഫയൽ പ്രത്യേകമായി ധനകാര്യ വകുപ്പിലേക്ക് അയച്ച് അനുമതി വാങ്ങേണ്ടതാണ്.

ii. 2025-26 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രൊവിഷന് അനുസൃതമായി മാത്രമേ തുക വിനിയോഗിക്കാൻ പാടുള്ളൂ.

iii. നിലവിലുള്ള നടപടി ക്രമങ്ങളും ചട്ടങ്ങളും വ്യവസ്ഥകളും സാമ്പത്തിക അച്ചടക്കവും കൃത്യമായി പാലിച്ചുകൊണ്ടാകണം പദ്ധതി നിർവ്വഹണം.

iv. അനുവദിച്ചിട്ടുള്ള ശീർഷകത്തിൽ നിന്നും മാത്രമേ തുക വിനിയോഗിക്കുവാൻ പാടുള്ളൂ.

v. പദ്ധതി നടത്തിപ്പിന്റെ ആവശ്യകതയ്ക്കനുസരിച്ച് മാത്രമെ തുക

പിൻവലിക്കുവാൻ പാടുള്ളു. പിൻവലിക്കുന്ന തുക ബാങ്കിൽ നിക്ഷേപിക്കുവാൻ പാടില്ല.

vi. സ്റ്റോർ പർച്ചേസ് റൂൾസ് കൃത്യമായി പാലിച്ചുകൊണ്ട് വാങ്ങലുകൾ നടത്തേണ്ടതാണ്.

vii. സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള ക്വട്ടേഷൻ/ടെണ്ടർ/ഇ-ടെണ്ടർ മറ്റ് നടപടിക്രമങ്ങൾ എന്നിവ കൃത്യമായി പാലിക്കേണ്ടതാണ്.

viii. പുരാരേഖ വകുപ്പ് ഡയറക്ടർ പദ്ധതി നിർവ്വഹണം കൃത്യമായും സമയബന്ധിതമായും അവലോകനം ചെയ്യേണ്ടതും ചട്ടങ്ങളും വ്യവസ്ഥകളും കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, പുരാരേഖാവകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ധനകാര്യ (Edn.C)വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Sunitha Sadasivan
സെക്ഷൻ ഓഫീസർ
Date: 20-05-2025 13:02:36